(ബി) റീ-സർവെയ്ക്കു വേണ്ടി ഏതെല്ലാം തരത്തിലുള്ള ആധുനിക ഉപകരണങ്ങളാണ് ഉപയോഗിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം ജില്ലകളിൽ ഈ ഉപകരണങ്ങൾ സ്ഥാപിച്ചു റീ-സർവെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) റീസർവെ പൂർണ്ണമായും കംപ്യൂട്ടറൈസ് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുകൊണ്ടുണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചു 12 വർഷംകൊണ്ടു പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ടോട്ടൽ സ്റ്റേഷൻ, കംപ്യൂട്ടർ, പ്ലോട്ടർ, ലേസർപ്രിന്റർ എന്നീ ആധുനിക ഉപകരണങ്ങളാണ് ഉപയോഗിച്ചുവരുന്നത്. തൃശ്ശൂർ ജില്ലയിൽ വിളപ്പായ വില്ലേജിന്റേയും ഇടുക്കി ജില്ലയിലെ കണ്ണൻദേവൻ വില്ലേജിലെ റ്റാറ്റാ ടീ എസ്റ്റേറ്റിന്റെ കൈവശമുള്ള സ്ഥലങ്ങളുടേയും സർവെ ഈ ഉപകരണങ്ങൾ ഉപയോഗിച്ചു പൂർത്തിയാക്കിയിട്ടുള്ളതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

(സി) റീ-സർവെ പൂർണ്ണമായും കംപ്യൂട്ടറൈസ് ചെയ്തിട്ടില്ല. പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്യുമ്പോൾ കുറഞ്ഞ സമയപരിധിക്കുള്ളിൽ കുറ്റമറ്റ റിക്കാർഡുകൾ പൊതുജനങ്ങൾക്ക് ഉപയുക്തമാക്കാൻ കഴിയും.

സെലക്ഷൻ ഫെല്ലിംഗ്

11 (*272) ശ്രീമതി കെ. ആർ ഗൗരിയമ്മ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളിൽ സ്വമേധയാ വീണുപോകുന്ന മരങ്ങൾ നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത് ;

(ബി) വനത്തിനുള്ളിലും വഴിയോരങ്ങളിലും അനേകലക്ഷം രൂപയുടെ മരങ്ങൾ വീണു കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് ലേലം ചെയ്തു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ഡി) വനങ്ങളിൽ സെലക്ഷൻ ഫെല്ലിംഗ് നടത്തിയാൽ ഇത്തരത്തിൽ മരങ്ങൾ വീണ് നഷ്ടപ്പെടാതിരിക്കും എന്നത് പരിഗണിച്ച് സെലക്ഷൻ ഫെല്ലിംഗ് പുനരാരംഭിക്കാൻ ഉദ്ദേശമുണ്ടോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

LIBRARY ARCHIVES Kerala Legislative Assembly

(എ) വനങ്ങളിൽ സ്വമേധയാ വീണുപോകുന്ന വിലപിടിപ്പുള്ളതും സർക്കാർ ഡിപ്പോകളിൽ എത്തിച്ചു വിറ്റാൽ ശേഖരണ ചെലവിൽ കൂടുതൽ ലഭിക്കുമെന്ന് ബോധ്യമുള്ളതുമായ മരങ്ങളിൽ നിന്നും അംഗീകരിക്കപ്പെട്ട വർക്കിംഗ് പ്ലാന് വിധേയമായി തടി ശേഖരിച്ച് വിൽപ്പന നടത്താറുണ്ട്.

(ബി & സി) ഉണ്ട്.

(ഡി) തൽക്കാലം ഉദ്ദേശമില്ല.

കടൽ രക്ഷാസേന

12 (*273) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ മത്സ്യ ബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ പ്രതികൂല സാഹചര്യത്തിലോ കാലാവസ്ഥയിലോ അകപ്പെട്ട് കാണാതാകുന്നതും മരണപ്പെടുന്നതും സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അപ്രകാരമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചു വരുന്നുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ മുൻകരുതൽ നടപടികളാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കടലിൽ പ്രതികൂല സാഹചര്യങ്ങളിൽ അകപ്പെടുന്ന മത്സ്യ തൊഴിലാളികൾക്ക് ഉണ്ടാകാവുള്ള അപകടം ഒഴിവാക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കാനും കടൽരക്ഷാ സേനകൾ പ്രവർത്തിച്ചുവരുന്നുണ്ടോ ;

(ഇ) എങ്കിൽ ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത സംവിധാനം പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ :

(എഫ്) കടൽരക്ഷാസേനയ്ക്ക് നാവികസേനയ്ക്ക് നൽകാറുള്ള പരിശീലനം നൽകി വരുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) കടൽ രക്ഷാ സേനയുടെ പ്രവർത്തനത്തിനായി ആരോഗ്യ വകുപ്പ് എന്തെങ്കിലും സഹായം നൽകിവരുന്നുണ്ടോ ; എങ്കിൽ എന്തൊക്കെ സഹായങ്ങൾ എന്ന് വ്യക്തമാക്കുമോ ;

(എച്ച്) കടൽരക്ഷാസേനയുടെ പ്രവർത്തനത്തിലൂടെ ഇതിനകം എത്ര അപകടങ്ങൾ ഒഴിവാക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ഐ) സംസ്ഥാനത്തെ കടൽ രക്ഷാസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly